**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് – പരപ്പനങ്ങാടി തുറമുഖ നിർമ്മാണം – പ്രൊജക്റ്റ് റിപ്പോർട്ട്-കിഫ്ബിയിൽ ഉൾപ്പെടുത്തി – തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.689/2018/മ.തു.വ** തീയതി,തിരുവനന്തപുരം, 22/08/2018

---

പരാമർശം:-

1 ചീഫ് എഞ്ചിനീയറുടെ 12.07.2018, 04.08.2018 എന്നീ തീയതികളിലെ ഡി4-2200/17/സി.ഇ.നം കത്ത്.

2 സ.ഉ(സാധാ)നം: 649/2018/മതുവ തീയതി 06.08.2018

**<u>ഉത്തരവ്</u>**

2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഖണ്ഡിക (4) ൽ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖ നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി പൂർ ത്തീകരിക്കുന്നതിനായി 1 3 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ പ്രോജക്ട് റിപ്പോർട്ട് ഹാർബർ എഞ്ചിനീയറിംഗ് ചീഫ് എഞ്ചിനീയർ സൂചന (1) പ്രകാരം സമർപ്പിക്കുകയും പരപ്പനങ്ങാടി മത്സ്യബന്ധ തുറമുഖ നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കണമെന്നും പദ്ധതിയുടെ എസ്.പി.വി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ് മെന്റ് കോർപ്പറേഷനെ

നിശ്ചയിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

2)മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് സ്ഥാനം പുനഃനിർണ്ണയിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട് .

3)സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ചീഫ് എഞ്ചിനീയർ സമർപ്പിച്ച പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ പ്രോജക്റ്റ് റിപ്പോർട്ടിന് തത്വത്തിൽ ഭരണാനുമതി നൽകിക്കൊണ്ടും ടി പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ് മെന്റ് കോർപ്പറേഷനെ പദ്ധതിയുടെ എസ്.പി.വി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയി നിശ്ചയിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ആര്.ജ്യോതിലാല്**
**പ്രിന്സിപ്പല് സെക്രട്ടറി**

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ